എം.എസ്.എ3/55657/2015/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 24/08/2015

പ്രേഷകൻ:

ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:

ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)
~~തിരുവനന്തപുരം~~, ~~കൊല്ലം~~, പത്തനംതിട്ട, ~~ആലപ്പുഴ~~
~~കോട്ടയം~~, ~~ഇടുക്കി~~, എറണാകുളം, തൃശ്ശൂർ, പാലക്കാട്
മലപ്പുറം, ~~കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്~~.

സർ,

വിഷയം:- ആ.വ.ഡ- ആരോഗ്യവകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ മരുന്നുകൾ സ്റ്റോക്കു ചെയ്യുന്നത് സംബന്ധിച്ച്.

ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ചില സ്ഥാപനങ്ങളിൽ മരുന്നുകൾ സ്റ്റോക്കു ചെയ്തിട്ടുള്ളത് ഭാഗികമായോ/ പൂർണ്ണമായോ ശാസ്ത്രീയമായി നവീകരിക്കാത്ത സാഹചര്യത്തിലാണ്. ഇത് മരുന്നിന്റെ ഗുണനിലവാരത്തെയും അതുവഴി രോഗ നിവാരണത്തെയും പ്രതീകൂലമായി ബാധിക്കുന്നു.

ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ മുഴുവൻ ആരോഗ്യ സ്ഥാപനങ്ങളിലെയും മരുന്നു സ്റ്റോറുകൾ താഴെ പറയുന്ന വിഷയങ്ങൾ പരിഗണിച്ച് ശാസ്ത്രീയമായി നവീകരിക്കേണ്ടതാകുന്നു.

1. എയർ കണ്ടീഷൻ സാഹചര്യത്തിൽ സൂക്ഷിക്കേണ്ട മരുന്നുകൾ സൂക്ഷിക്കുവാൻ എയർ കണ്ടീഷൻ സംവിധാനം.
2. സൂര്യ പ്രകാശം തട്ടാതെ സംരക്ഷിക്കേണ്ട മരുന്നുകൾക്ക് അത്തരം സംവിധാനം.
3. മരുന്നുകൾ തറയിൽ ഇടാതെ അടുക്കി വെയ്ക്കുവാൻ ആവശ്യമായ റാക്കുകൾ.
4. ബ്ലീച്ചിംഗ് പൗഡർ പോലുള്ള കെമിക്കലുകൾ മരുന്നുകളുമായി ഇടകലരാതിരിക്കുവാൻ പ്രത്യേകം മുറിയിൽ സൂക്ഷിക്കേണ്ടതാണ്.
5. സ്റ്റോർ മുറിയും, മരുന്നുകൾ സൂക്ഷിക്കുന്ന റാക്കുകളും പൊടി പടലങ്ങൾ ഇല്ലാതെ ദിവസവും അടിച്ചു വൃത്തിയാക്കി പരിപാലിക്കേണ്ടതാണ്.
6. ഈ കാര്യത്തിൽ HMC/HDC വഴി നടപ്പിലാക്കാവുന്ന കാര്യങ്ങൾ അത്തരത്തിൽ നടപ്പിലാക്കണം.
7. സ്റ്റോറുകൾ വിപുലീകരിക്കുക, പുതുക്കിപ്പണിയുക തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ HMC/HDC വഴി നടപ്പിലാക്കാൻ കഴിയുന്നില്ലെങ്കിൽ പ്രൊപ്പോസലുകൾ ജില്ലാ മെഡിക്കൽ ആഫീസർക്ക് മേൽ നടപടികൾക്കായി നൽകുക.

മേൽ വിഷയത്തിന്മേൽ കർശന നടപടികൾ സ്വീകരിച്ച് കീഴ് സ്ഥാപനങ്ങളിലേയ്ക്ക് തുടർ നടപടിയ്ക്കായുള്ള നിർദ്ദേശം നൽകി നടപടി റിപ്പോർട്ട് എത്രയും പെട്ടെന്ന് ഈ ഓഫീസിലേയ്ക്ക് അയച്ചു തരേണ്ടതാണ്.

വിശ്വസ്തതയോടെ

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി

Scanned by CamScanner

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ. പി.ഒ. തിരുവനന്തപുരം. പിൻ- 695035
ഫോൺ: 0471-2302490
ഫാക്സ്: 0471-2303025/20303080
ഇ-മെയിൽ: dhskerala@gmail.com
വെബ്സൈറ്റ്: www.dhs.kerala.gov.in

CH 14/12/16
37037

എം.എസ്.എ2/88650/2016/ ആ. വ.ഡ

തീയതി: 30 /11/2016

പ്രേഷകൻ:

ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
തിരുവനന്തപുരം/കൊല്ലം/ആലപ്പുഴ/പത്തനംതിട്ട/കോട്ടയം/ഇടുക്കി/
എറണാകുളം/തൃശ്ശൂർ/പാലക്കാട്/മലപ്പുറം/കോഴിക്കോട്/വയനാട്/കണ്ണൂർ/
കാസർഗോഡ്.

സർ,

വിഷയം:- ആ.വ.ഡ-കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ മുഖാന്തിരം വിതരണം ചെയ്ത മരുന്നുകളുടെ പരാതി-നിർദ്ദേശം നൽകുന്നത് -സംബന്ധിച്ച്

സൂചന:- കത്ത് നം.KMSCL/QC/1112/2016, dt, 16.11.2016, ജനറൽ മാനേജർ, KMSCL

നിശ്ചിത ഊഷ്മാവിൽ സൂക്ഷിക്കേണ്ട മരുന്നുകൾ സാധാരണ ഊഷ്മാവിൽ അലക്ഷമായി ആരോഗ്യവകുപ്പിന്റെ കീഴിലുള്ള പല സ്ഥാപനങ്ങളിലും സൂക്ഷിക്കുന്നതായും, FEFO(First Expiry First Old) തത്വം പാലിയ്ക്കാതെ പല സ്ഥാപനങ്ങളിലും മരുന്നു വിതരണം ചെയ്യുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി സൂചന പ്രകാരം മാനേജിംഗ് ഡയറക്ടർ KMSCL-ലിൽ നിന്നും അറിയിച്ചിരിക്കുന്നു.

ആയതിനാൽ പേറ്റന്റ് പ്രൊഡക്റ്റ്സ് ആയ മരുന്നുകളുടെ ലേബലിൽ അനുശാസിയ്ക്കുന്ന പ്രകാരമുള്ള ഊഷ്മാവിൽ നിർബന്ധമായും സൂക്ഷിയ്ക്കണം. കൂടാതെ FEFO(First Expiry First Old) പ്രകാരം തന്നെ മരുന്ന് വിതരണം ചെയ്യണം അല്ലാത്ത പക്ഷം വരുന്ന പരാതികൾ തീർപ്പാക്കാനാവാതെ മരുന്ന് കാലാവധി കഴിഞ്ഞു ഉപയോഗ ശൂന്യമായി പോയാൽ പ്രസ്തുത ബാധ്യത ടി സ്ഥാപനങ്ങൾക്കായിരിയ്ക്കും എന്ന് KMSCL അറിയിച്ചിട്ടുണ്ട്.

ആയതിനാൽ താങ്കളുടെ കീഴിലുള്ള സ്ഥാപന മേധാവികൾക്ക് മേൽ വിഷയത്തെ സംബന്ധിച്ചുള്ള കർശന നിർദ്ദേശം നൽകേണ്ടതാണെന്ന് നിർദ്ദേശിയ്ക്കുന്നു.

വിശ്വസ്തതയോടെ,

V. K. Rajan

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി.

എസ്.വി

Scanned by CamScanner